പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1860 01.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.ബസ്സുകൾ

ചോദ്യം | മറുപടി
--- | ---
ശ്രീ.കെ.ജെ. മാക്സി | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഓർഡിനറി മുതലുള്ള ബസ്സുകളുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയ്ക്ക് ആകെ (കെ.യു.ആർ.ടി.സി, വെറ്റ് ലീസ് ഉൾപ്പെടെ) 6,334 ബസുകൾ ആണ് ഉള്ളത്. ഇതിൽ 5,144 ബസുകൾ സർവ്വീസിന് ലഭ്യമാണ്. (ബസ്സുകളുടെ ഇനം തിരിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു).<br><br>മൾട്ടി ആക്സിൽ ഏസി: 29<br>ഇലക്ട്രിക് ബസ്: 7<br>സൂപ്പർ ഡീലക്സ്: 130<br>സൂപ്പർ എക്സ്പ്രസ്: 48<br>സൂപ്പർ ഫാസ്റ്റ് പാസഞ്ചർ: 375<br>ഫാസ്റ്റ് പാസഞ്ചർ: 1,203<br>ഓർഡിനറി: 2,950<br>ജൻറം നോൺ ഏസി: 300<br>ജൻറം ഏസി: 102<br><br>25.10.2019-ലെ കണക്കനുസരിച്ച് 4,575 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുള്ളതുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തി ലെത്തുമ്പോൾ ഇത് എത്രയാ യിരുന്നു എന്ന് വ്യക്തമാക്കാ മോ; | (ബി) | 10.5.2016 ലെ കണക്കനുസരിച്ച് 6323 ബസ്സുകൾ ആകെ ലഭ്യമായിട്ടുള്ളതും, അതേ ദിവസം 5001 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുള്ളതുമാണ്. |

Nested table (ഇനം തിരിച്ച കണക്ക്):

| | |
|---|---|
| മൾട്ടി ആക്സിൽ ഏസി | 29 |
| ഇലക്ട്രിക് ബസ് | 7 |
| സൂപ്പർ ഡീലക്സ് | 130 |
| സൂപ്പർ എക്സ്പ്രസ് | 48 |
| സൂപ്പർ ഫാസ്റ്റ് പാസഞ്ചർ | 375 |
| ഫാസ്റ്റ് പാസഞ്ചർ | 1,203 |
| ഓർഡിനറി | 2,950 |
| ജൻറം നോൺ ഏസി | 300 |
| ജൻറം ഏസി | 102 |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ടോയെന്നും; എങ്കിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും ; ഒരു ഇലക്ട്രിക് ബസ്സിന്റെ വിലയെത്രയെന്നും; പ്രസ്തുത ബസ്സ് സർവ്വീസ് ലാഭകരമാണോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്<br>കെ.എസ്.ആർ.ടി.സി വാടക അടിസ്ഥാനത്തിൽ 10 ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്.<br>പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ ഡിപ്പോകളെ കേന്ദ്രീകരിച്ചാണ് തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ഈ ബസ്സുകൾ ഇപ്പോൾ ഉപയോഗിച്ച് വരുന്നത്. വെറ്റ്ലീസ് വ്യവസ്ഥയിലായതിനാൽ ബസ് വില സംബന്ധിച്ച വിവരം ലഭ്യമല്ല.<br>ടി ബസ്സുകളുപയോഗിച്ചുള്ള സർവ്വീസുകൾ ഇപ്പോൾ ലാഭകരമല്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി യുടെ വാഹനങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, ജനങ്ങൾക്ക് ഫലപ്രദമായ രീതിയിലുള്ള ഉപയോഗം, തൊഴിലാളികളുടെ സഹകരണം, സർവ്വീസുകൾ നടത്തുന്നതിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പുവരുത്താനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു; വിശദീകരിക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുന:ക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചുമൂലം കെ.എസ്.ആർ. |

| | | | |
|---|---|---|---|
| | | | ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച്, കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തി വരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തി വരുന്നു.<br>കെ.എസ്.ആ.ർ.ടി.സി ബസ്സുകളുടെ കാര്യക്ഷമമായ ഉപയോഗത്തിനായി ജനങ്ങൾക്ക് ഫലപ്രദമായി സർവ്വീസ് നടത്തുന്നതിന് ബസ്സുകൾ ലഭ്യമാക്കുന്നതിനും മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ബസ് സർവ്വീസ് തീരുന്ന സമയത്തേക്ക് ക്രമീകരിച്ച് ഫലപ്രദമാക്കിയിട്ടുണ്ട്. ബസുകളുടെ കാര്യക്ഷമമായ ഉപയോഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾ കടുത്ത സാമ്പത്തിക പരാധീനത കാരണം പുരോഗമിക്കുന്നില്ല.<br>കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടന പ്രതിനിധികളുമായും കോർപ്പറേഷൻ മാനേജ്മെന്റുമായും ചർച്ചകൾ നടത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പു വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**